**പതിമൂന്നാം കേരള നിയമസഭ**

**രണ്ടാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.1211** | **30.09.2011 - ൽ മറുപടിയ്ക്ക്**

## സഹകരണ സ്ഥാപനങ്ങളിലെ നിക്ഷേപം

| ചോദ്യം | ഉത്തരം |
|---|---|
| **ശ്രീമതി.കെ.എസ്.സലീഖ** | **ശ്രീ. സി.എൻ.ബാലകൃഷ്ണൻ (സഹകരണ വകുപ്പ് മന്ത്രി)** |
| സർക്കാർ അധികാരമേൽക്കുമ്പോൾ സംസ്ഥാനത്തെ സഹകരണ സ്ഥാപനങ്ങളിലെ മൊത്തം നിക്ഷേപം എത്ര കോടി രൂപയായിരുന്നു ; നിക്ഷേപം വർദ്ധിപ്പിക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചതെന്ന് വ്യക്തമാക്കാമോ ? | ഈ സർക്കാർ അധികാരമേൽക്കുന്ന കാലഘട്ടത്തിൽ 2011 മെയ് 31-ന് കേരളത്തിലെ സഹകരണ മേഖലയിലെ നിക്ഷേപ ബാക്കി നില്പ് 68409.15 കോടി രൂപയായിരുന്നു. സംസ്ഥാനത്തെ സഹകരണ ബാങ്കുകളിലെയും വാണിജ്യ/പൊതുമേഖലാ ബാങ്കുകളിലെയും പലിശ നിരക്ക് വ്യതിയാനം നിരീക്ഷിക്കുന്നതിനും സഹകരണ മേഖലയിലെ നിക്ഷേപങ്ങളുടെ പലിശനിരക്ക് പരിഷ്കരിക്കുന്നതിന് ഉചിതമായ ശുപാർശ സമർപ്പിക്കുന്നതിനുമായി സെൻട്രൽ ബാങ്ക് കോൺഫറൻസ് പലിശ സബ് കമ്മിറ്റിക്കു രൂപം നൽകുകയുണ്ടായി. ആയതിന്റെ അടിസ്ഥാനത്തിൽ പലിശ നിരക്കുകൾ കാലാനുസൃതമായി പരിഷ്കരിച്ചു വരുന്നു. കൂടാതെ സഹകരണ മേഖലയിൽ കൂടുതൽ നിക്ഷേപം ആകർഷിക്കുന്നതിനായി ഓണം സീസണിൽ സഹകരണ സമൃദ്ധി നിക്ഷേപ പദ്ധതികൾ ആവിഷ്കരിക്കുകയുണ്ടായി. |

സെക്ഷൻ ഓഫീസർ